**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4306** **18-07-2022 - ൽ മറുപടിയ്ക്ക്**

**ഇലക്ട്രിക് വാഹനങ്ങളുടെ വ്യാപനത്തിന് ചാർജിംഗ് സ്റ്റേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഇലക്ട്രിക് വാഹനങ്ങളുടെ വ്യാപനത്തിന് അനിവാര്യമായ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് കെ. എസ്. ഇ. ബി. യും അനെർട്ടും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | കേരള സർക്കാരിന്റെ ഇ-വെഹിക്കിൾ പോളിസി പ്രകാരം സംസ്ഥാനത്തുടനീളം മതിയായ തോതിൽ ചാർജ്ജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കുന്ന-തിനായി കെ.എസ്.ഇ.ബി.എൽ-നെയാണ് നോഡൽ ഏജൻസി ആയി തിരഞ്ഞെടുത്തിട്ടുള്ളത്. ഇപ്രകാരം എല്ലാ ജില്ലകളിലും ആയി 1227 സ്റ്റേഷനുകൾ ഉൾക്കൊള്ളുന്ന ഒരു ചാർജ്ജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കാൻ ലക്ഷ്യമിട്ട് കെ.എസ്.ഇ.ബി.എൽ. പ്രവർത്തി ക്കുന്നു.<br><br>പ്രാരംഭഘട്ടം ആയി ആറ് ജില്ലകളിൽ കെ.എസ്.ഇ.ബി.എൽ-ന്റെ സ്വന്തം സ്ഥലത്ത് ഫോർ വീലർ വാഹനങ്ങൾക്കായി ഇത്തരം സ്റ്റേഷനുകൾ സ്ഥാപിക്കുകയും അവ 07.11.2020 മുതൽ പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കുകയും ചെയ്തു. ഇതിനു പുറമെ എല്ലാ ജില്ലകളിലുമായി 56 ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ കൂടി നടന്നു വരികയാണ്. ഇതിൽ 30 എണ്ണം പ്രവർത്തനസജ്ജമായിരിക്കുന്നു. ബാക്കിയുള്ള സ്റ്റേഷനുകളുടെ നിർമ്മാണം ഒരു മാസത്തിനകം തന്നെ പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതോടൊപ്പം 10 പോൾ മൗണ്ടഡ് ഇലക്ട്രിക് വാഹന ചാർജ്ജിംഗ് പോയിന്റുകൾ കോഴിക്കോട് ജില്ല കോർപ്പറേഷൻ പരിധിയിൽ പരീക്ഷണാടി സ്ഥാനത്തിൽ ഇരുചക്ര, മുച്ചക്ര (e-auto) വാഹനങ്ങൾക്കായി സ്ഥാപിക്കുകയും 09.10.2021-ന് പൊതുജനങ്ങൾക്കായി തുറന്ന് കൊടുക്കുകയും ചെയ്തു. ഇവയുടെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനമൊട്ടാകെ ഇത്തരത്തിലുള്ള വൈദ്യുതി വാഹന ചാർജ്ജിംഗ് പോയിന്റുകളുടെ ശൃംഖല വിപുലീകരിക്കുന്നതി നുള്ള നടപടി കെ.എസ്.ഇ.-ബി.എൽ സ്വീകരിക്കുകയും |

1150 ചാർജ്ജിംഗ് പോയിന്റുകൾ കേരളത്തിലുടനീളം സ്ഥാപിക്കുന്നതിനായി തുടക്കമിടുകയും ചെയ്തിട്ടുണ്ട്. 2 മാസം കൊണ്ട് പദ്ധതി പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു. അതിൽ 402 ചാർജ്ജിംഗ് പോയിന്റുകൾ ഇപ്പോൾതന്നെ പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.

സംസ്ഥാനത്ത് ഇ-മൊബിലിറ്റി ഇക്കോസിസ്റ്റം വികസിപ്പിക്കുന്നതിന് ആവശ്യമായ ഇതര പദ്ധതികളുടെ നടത്തിപ്പും സംസ്ഥാന നോഡൽ ഏജൻസി എന്ന നിലയിലുള്ള മറ്റ് ഉത്തരവാദിത്തങ്ങളും ബന്ധപ്പെട്ട ഏജൻസികളും ഉണഭോക്താ ക്കളുമായി ചേർന്ന് കെ.എസ്.ഇ.ബി.എൽ. നിർവ്വഹിച്ചു വരുന്നു. കൂടാതെ ഗവൺമെന്റ് അധീനതയിലുള്ള 2500 ഓളം സ്ഥലങ്ങൾ ചാർജ്ജിംഗ് സ്റ്റേഷനുകൾക്കായി കണ്ടെത്തി യിട്ടുണ്ട്. നിക്ഷേപകരുടെ മുതൽമുടക്ക് ഈ പദ്ധതി ലക്ഷ്യമിടുന്നു.

അനെർട്ട് മുഖേന ഇലക്ട്രിക് വാഹനങ്ങൽക്കായുള്ള ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

കുറഞ്ഞത് 1500 ചതുരശ്ര അടി സ്ഥലം ലഭ്യമാക്കുന്ന സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, KTDC ഹോട്ടലുകൾ, DTPC സെന്ററുകൾ, ടേക്ക് എ ബ്രേക്ക് സെന്ററുകൾ എന്നിവടങ്ങളിൽ അനെർട്ട് മുഖേന ഇലക്ട്രിക് കാറുകൾ ചാർജ് ചെയ്യുന്നതിനുള്ള ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നു. സ്ഥലം ലഭ്യമാക്കുന്ന സർക്കാർ സ്ഥാപനങ്ങൾ / വകുപ്പുകൾക്ക് ഒരു യൂണിറ്റ് വൈദ്യുതിക്ക് ഒരു രൂപ നിരക്കിൽ തറവാടക നൽകുന്നതാണ്. ഇതിനായി 10 വർഷത്തേയ്ക്ക് അനെർട്ടുമായി കരാറിൽ ഏർപ്പെടേണ്ടതാണ്. ആദ്യ ഘട്ടത്തിൽ ദേശീയ പാത, എം.സി റോഡ്, സ്റ്റേറ്റ് ഹൈവേ എന്നീ പ്രധാന റോഡുകൾക്ക് സമീപം റിഫ്രഷ്മെന്റ് ഫെസിലിറ്റി / കഫെറ്റീരിയ, ശുചിമുറി എന്നീ സൗകര്യങ്ങൾ ഉള്ള സ്ഥലങ്ങൾക്കാണ് മുൻഗണന നൽകുന്നത്.

ഹോട്ടലുകൾ, മാളുകൾ, മറ്റ് സ്വകാര്യ വ്യക്തികൾ തുടങ്ങുന്ന പബ്ലിക് ചാർജിംഗ് സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ വൈദ്യുതി ഉത്പാദനത്തിന് അനുയോജ്യമായ സ്ഥല ലഭ്യതയുള്ള സ്റ്റേഷനുകളിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഒരു കിലോവാട്ടിന് 20,000 രൂപ വീതം 5 മുതൽ 50 കിലോവാട്ട് വരെ ശേഷിയുള്ള പ്ലാന്റുകൾ

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതിന് അനെർട്ട് മുഖേന സബ്സിഡി ഉദ്ദേശിക്കുന്നു.<br><br>പുതിയതായി ചാർജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്ന സ്വകാര്യ സംരംഭകർക്ക് ചാർജിംഗ് മെഷീൻ വിലയുടെ 25 ശതമാനം സബ്സിഡി നൽകുന്നതിനുള്ള പദ്ധതി ഈ വർഷം നടപ്പിലാക്കുവാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇലക്ട്രിക് കാറുകൾ ചാർജ്ജ് ചെയ്യുന്നതിന് കുറഞ്ഞത് അരമണിക്കൂർ മുതൽ ഒരു മണിക്കൂർ വരെ സമയം ആവശ്യമായിവരുന്നതിനാൽ ചാർജിംഗ് സ്റ്റേഷനുകളോടനുബന്ധിച്ച് റിഫ്രഷ്മെന്റ് ഫെസിലിറ്റി / കഫെറ്റീരിയ, ശുചിമുറി എന്നീ സൗകര്യങ്ങൾ ഉള്ളവർക്കാണ് ഈ പദ്ധതിയിൽ മുൻഗണന നൽകുന്നത്. |
| (ബി) | സൗരോർജ്ജ മേഖലയിൽ നിന്നുമുള്ള വൈദ്യുത ഉത്പാദനത്തിന്റെ കണക്കുകൾ തരം തിരിച്ച് ലഭ്യമാക്കാമോ; | (ബി) | സൗരോർജ്ജ മേഖലയിൽ നിലവിൽ 572.08 MW ന്റെ വൈദ്യുത നിലയങ്ങളാണുള്ളത്. ഇതിൽ ഗാർഹിക ഉപഭോക്താക്കൾ, വ്യാവസായിക ഉപഭോക്താക്കൾ, ഗവൺമെന്റ് സ്ഥാപനങ്ങൾ എന്നിവയുടെ പുരപ്പുറങ്ങളിൽ സ്ഥാപിച്ച സോളാർ നിലയങ്ങളുടെ ശേഷി 280.61 MW ഉം കെ.എസ്.ഇ.ബി.എൽ-ന്റെ സ്ഥലത്ത്/ റിസർവോയർ എന്നിവയിൽ സ്ഥാപിച്ച ഗ്രൗണ്ട് മൗണ്ടഡ്/ഫ്ലോട്ടിംഗ് സോളാർ നിലയങ്ങളുടെ ശേഷി 15.16 MW ഉം, കെ.എസ്.ഇ.ബി.എൽ. ഇതര സ്ഥാപനങ്ങൾ (NTPC, Solar Park, CIAL etc.) എന്നിവ സ്ഥാപിച്ച ഗ്രൗണ്ട് മൗണ്ടഡ്/ ഫ്ലോട്ടിംഗ് സോളാർ എന്നിവയുടെ ശേഷി 276.31 MW ഉം ആണ്. |
| (സി) | കേരളത്തിനു പുറത്തുനിന്ന് ഏതൊക്കെ സ്രോതസ്സുകളിൽ നിന്നും എത്ര മെഗാവാട്ട് വൈദ്യുതി സംസ്ഥാന സർക്കാർ ഏത് നിരക്കിൽ ലഭ്യമാക്കുന്നു എന്നും വ്യക്തമാക്കാമോ ? | (സി) | നിലവിൽ കേരളം വിവിധ സംസ്ഥാനങ്ങളിലെ ഉത്പാദന നിലയങ്ങളിൽ നിന്നും വൈദ്യുതി വാങ്ങുന്നുണ്ട്. വിശദമായ വിവരങ്ങൾ അനുബന്ധം (1) ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

ANNEXURE-1

**Details of CGS and DVC stations with Unit Rate**

| No | Station | State | Fuel Source | KSEBL Share in MW | Unit Rate at KSEB End (Rs/kWh) |
|---|---|---|---|---|---|
| 1 | RSTPS I & II | TELANGANA | COAL | 244.93 | 4.30 |
| 2 | RSTPS III | TELANGANA | COAL | 61 | 4.24 |
| 3 | Talcher Stage-II | ODISHA | COAL | 427 | 2.87 |
| 4 | Simhadri TPS – II | ANDRA PRADESH | COAL | 85.55 | 5.09 |
| 5 | NLC Stage-I | TAMIL NADU | LIGNITE | 63 | 3.83 |
| 6 | NLC Stage-II | TAMIL NADU | LIGNITE | 90.02 | 4.00 |
| 7 | NLC 1 Expansion | TAMIL NADU | LIGNITE | 68.24 | 3.91 |
| 8 | NLC II Expansion | TAMIL NADU | LIGNITE | 81.23 | 6.73 |
| 9 | Vallur STPS(NTECL) | TAMIL NADU | COAL | 49.95 | 5.63 |
| 10 | New Neyveli TPS | TAMIL NADU | LIGNITE | 16.8 | 4.56 |
| 11 | MAPS | TAMIL NADU | NUCLEAR | 23.01 | 3.38 |
| 12 | KAIGA | KARNATAKA | NUCLEAR | 72.99 | 3.96 |
| 13 | Kudankulam | TAMIL NADU | NUCLEAR | 273.1 | 4.68 |
| 14 | NTPL | TAMIL NADU | COAL | 72.5 | 6.24 |
| 15 | Kudgi | KARNATAKA | COAl | 111.72 | 6.93 |
| 16 | DVC Reghunathpur | WEST BENGAL | COAL | 46.75 | 5.29 |
| 17 | DVC Mejia | WEST BENGAL | COAL | 94.75 | 5.10 |

Total 1882.54

**IPP Stations with Unit Rate**

| No | Station | STATE | Fuel Source | KSEBL Share in MW | Unit Rate at KSEB End (Rs/kWh) |
|---|---|---|---|---|---|
| 1 | Maithon-1 | JHARKAND | COAL | 140.63 | 5.69 |
| 2 | Maithon-2 | JHARKAND | COAL | 140.63 | 5.69 |
| 3 | JPL stage -2 PSA 1 (DBFOO) | CHATTISGARH | COAL | 190 | 3.17 |
| 4 | Jhabhua PSA1(DBFOO) | MADHYA PRADESH | COAL | 109.25 | 3.98 |
| 5 | Jhabhua –PSA 2(DBFOO) | MADHYA PRADESH | COAL | 95 | 4.29 |
| 6 | JITPL | CHATTISGARH | COAL | 95 | 3.62 |
| 7 | JPL stage -2 PSA 2 (DBFOO) | CHATTISGARH | COAL | 142.5 | 4.29 |
| 8 | BALCO | Chattisgarh | COAL | 95 | 4.15 |

Total - 1008.01

Solar Energy Corporation of India(Long Term Agreement)

| Sl No | Station | Source | KSEBL Share in MW | Unit Rate at KSEB End (Rs/kWh) |
|---|---|---|---|---|
| 1 | SECI | Wind | 75 MW | 2.89 |